**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 42** | **22-06-2026-ൽ മറുപടിയ്ക്ക്**

**<u>വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. എം. റഹ്മത്തുള്ള
ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** പ്രായം കൂടുന്തോറും ശരീരത്തിന്റെ പ്രതിരോധശേഷിയും, അവയവങ്ങളുടെ പ്രവർത്തനക്ഷമതയും കുറയുന്നതു കാരണം വിവിധങ്ങളായ ശാരീരിക-മാനസിക പ്രശ്നങ്ങൾ വയോജനങ്ങൾ നേരിടുന്നുണ്ട്. പ്രമേഹം, ഉയർന്ന രക്ത സമ്മർദ്ദം, ദഹനക്കുറവ്, ഹൃദയാരോഗ്യ പ്രശ്നങ്ങൾ, കാഴ്ച, കേൾവി പ്രശ്നങ്ങൾ, ഏകാന്തത, വിഷാദം തുടങ്ങിയ മാനസിക ആരോഗ്യ പ്രശ്നങ്ങൾ, ഡിമൻഷ്യ, അൾഷിമേഴ്സ് തുടങ്ങി ഓർമ്മശക്തിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയ വിവിധ ആരോഗ്യ പ്രശ്നങ്ങൾ കേരളത്തിലെ വയോജനങ്ങളിൽ കണ്ടു വരുന്നുണ്ട്.

**(ബി)** ഇവ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

**<u>മറുപടി:</u>** വയോജന സേവനം, റിട്ടയർമെന്റ് ഇൻഫ്രാസ്ട്രക്ചർ, വാർദ്ധക്യകാല ആരോഗ്യപരിപാലനരംഗത്തെ നവീന കണ്ടുപിടിത്തങ്ങൾ, സിൽവർ സംരഭകത്വം തുടങ്ങിയവ ഉൾക്കൊള്ളുന്ന ഒരു സമാഹൃത സിൽവർ ഇക്കോണമിക് പോളിസി വികസിപ്പിച്ച് നടപ്പിലാക്കും.

**(സി)** വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വാക്സിൻ നൽകുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**<u>മറുപടി:</u>** പ്രതിരോധ കുത്തിവയ്പ്പ് പരിപാടികളുടെ രൂപീകരണവും നടപ്പാക്കലും പ്രധാനമായും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയമായതിനാൽ വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വാക്സിൻ നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നത് നിലവിൽ പരിഗണനയിൽ വന്നിട്ടില്ല.

**സെക്ഷൻ ഓഫീസർ**